**വിദ്യാഭ്യാസം**

പി. മുഹമ്മദ് കുട്ടശ്ശേരി

# മൗലാനാ അബുസ്സ്വബാഹും ഫാറൂഖ് കോളേജും

പ്രസിദ്ധ മതപണ്ഡിതനായിരുന്ന മൗലാനാ അബുസ്സ്വബാഹ് അഹ്മദ് അലി അനന്യസാധാരണമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. അലീഗഢ് സർവകലാശാലയെപ്പറ്റി പറയുമ്പോൾ സർ സയ്യിദ് അഹ്മദ് ഖാൻ അനുസ്മരിക്കപ്പെടുന്നതുപോലെ, കേരളത്തിലെ അലീഗഢ് എന്നു വിശേഷിപ്പിക്കപ്പെടുന്ന ഫാറൂഖ് കോളേജിനോടു ചേർത്തു മൗലാനാ അബുസ്സ്വബാഹിന്റെ നാമവും എന്നും വാഴ്ത്തപ്പെടുന്നു. കേരളത്തിലെ മത പണ്ഡിതന്മാർ കർമശാസ്ത്ര വിധികളുമായി ബന്ധപ്പെട്ട മുടിനാരിഴ കീറുന്ന തർക്കങ്ങളിൽ മുഴുകുന്നത് മതപ്രബോധനമായി കണ്ടിരുന്നപ്പോൾ മൗലാനാ അവയിൽനിന്നെല്ലാം അകന്നുനിന്ന് ഒരു വിദ്യാഭ്യാസവിപ്ലവത്തിന് അടിത്തറ പാകുകയായിരുന്നു. മുസ്‌ലിം സമുദായത്തെ ബാധിച്ച മഹാരോഗത്തിനു ഒറ്റ മരുന്നേയുള്ളൂവെന്ന് അദ്ദേഹം കണ്ടെത്തി- വിദ്യാഭ്യാസം. കാലത്തിന്റെ മാറ്റം ഉൾക്കൊള്ളാത്ത പാരമ്പര്യരീതിയിലുള്ള മതവിദ്യാഭ്യാസത്തിൽ മാത്രം ശ്രദ്ധയൂന്നിയിരുന്ന സമുദായത്തെ ഒരു മതപണ്ഡിതൻ ആധുനിക വിദ്യാഭ്യാസത്തിലേക്ക് വിളിച്ചപ്പോൾ അതൊരു പുതിയ കാഹളം വിളിയായിരുന്നു. ഫാറൂഖ് കോളേജ് കേരള മുസ്‌ലിംകളുടെ വിദ്യാഭ്യാസ പുരോഗതിയിൽ വഹിച്ച പങ്ക് നിർണായകമാണ്. അബുസ്സ്വബാഹ് കൊളുത്തിയ വിജ്ഞാനദീപത്തിൽനിന്നു വെളിച്ചം പകർത്തി എത്ര മനുഷ്യരാണ് വളർന്നുയർന്നത്! ഫാറൂഖ് കോളേജും അനുബന്ധ സ്ഥാപനങ്ങളും നിലനിൽക്കുന്നേടത്തോളം കാലം വിജ്ഞാനവെളിച്ചത്തിന്റെ ഈ പ്രസരണം തുടർന്നുകൊണ്ടേയിരിക്കും. പ്രസിദ്ധ അറബി എഴുത്തുകാരനും അൽ അസ്ഹർ സർവകലാശാലാ പ്രതിനിധി സംഘം തലവുമായിരുന്ന ഡോ. അബ്ദുൽ മുൻഇം നമിർ 1957-ൽ റൗദത്തുൽ ഉലൂം അറബിക്കോളേജും ഫാറൂഖ് കോളേജും കാമ്പസും സന്ദർശിച്ചപ്പോൾ പറഞ്ഞ വാക്കുകൾ എത്ര അന്വർഥമാണ്: "അബുസ്സ്വബാഹ് സബാഹുൻ ലാ മസാഅ ലഹു" (അബുസ്സ്വബാഹ്: അസ്തമയമില്ലാത്ത പ്രഭാതം).

സംഭവബഹുലവും വിസ്മയാവഹവുമായ ഒരു ജീവിതത്തിന്റെ ഉടമയാണ് മൗലാനാ അബുസ്സ്വബാഹ്. 1906-ൽ ഗുരുവായൂരിനടുത്ത ചാവക്കാട് ഒരു അനാഥബാലനായി ജനിച്ച അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം മയ്യഴിയിൽ ഒരു പള്ളിദർസിൽ ചേർന്നു പഠനം തുടർന്നു. ഉപരിപഠനം ലക്ഷ്യം വെച്ചു വേലൂർ ബാഖിയാത്തുസ്സ്വാലിഹാത്ത് കോളേജിന്റെ കവാടം മുട്ടി നോക്കിയെങ്കിലും പ്രായക്കുറവുകാരണം പ്രവേശനം ലഭിച്ചില്ല. തുടർന്ന് 1923-ൽ മദ്രാസ് ജമാലിയാ കോളേജിൽ ചേർന്നു. ഒരു വർഷം അവിടെ പഠിച്ച ശേഷം കൊളമ്പോയിൽ പോയി. അവിടെ ബിസിനസ്സുള്ള ചിലരുമായുള്ള സമ്പർക്കമാണ് ഈ യാത്രക്ക് കളമൊരുക്കിയത്. അവിടെവെച്ച് അൽ അസ്ഹർ സർവകലാശാലയിൽനിന്ന് ബിരുദമെടുത്ത ചില പണ്ഡിതന്മാരുമായി യാദൃച്ഛികമായി പരിചയപ്പെട്ടു. ഈ വിശ്വപ്രസിദ്ധമായ വിജ്ഞാനകേന്ദ്രത്തിൽനിന്ന് വിദ്യ നേടണമെന്ന ഉൽക്കടമായ ആഗ്രഹം അദ്ദേഹത്തിൽ നാമ്പെടുത്തു. സിലോണിൽനിന്ന് നാട്ടിൽ തിരിച്ചെത്തി സ്വന്തം പേരിലുണ്ടായിരുന്ന സ്വത്ത് വിറ്റ് ബോംബെക്ക് വണ്ടി കയറി. 1924-ൽ ബോംബെയിൽനിന്ന് കപ്പൽ വഴി ഈജിപ്തിലെത്തി.

അൽഅസ്ഹറിലെ വിദ്യാർഥി ജീവിതം തികച്ചും ചലനാത്മകമായിരുന്നു. അർറാബിത്വതുശ്ശർഖിയ്യ എന്ന പേരിൽ ഒരു സംഘടനയുണ്ടാക്കി വിദേശവിദ്യാർഥികളുടെ പ്രശ്നങ്ങൾ അധികൃതരുടെ ശ്രദ്ധയിൽ പെടുത്തി. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഉജ്ജ്വലാധ്യായമായിരുന്ന മൗലാനാ മുഹമ്മദലിയുമായി അൽ അസ്ഹറിൽ വെച്ചാണ് അദ്ദേഹം ബന്ധപ്പെട്ടത്. 1928-ൽ തുടങ്ങിയ ഈ ബന്ധം മൗലാനയുടെ അന്ത്യംവരെയും തുടർന്നു. അല്ലാമാ ഇഖ്ബാലുമായി വിദ്യാർഥിജീവിതകാലത്തുതന്നെ അദ്ദേഹം ബന്ധം സ്ഥാപിച്ചു. തഫ്സീറുൽ മനാർ എന്ന പ്രസിദ്ധ ഖുർആൻ വ്യാഖ്യാനഗ്രന്ഥത്തിന്റെ കർത്താവായ സയ്യിദ് റശീദ് രിദാ മൗലാനാ മുഹമ്മദലിയെ എതിർത്തുകൊണ്ട് ലേഖനമെഴുതിയപ്പോൾ അബുസ്സ്വബാഹ് മൗലവി അദ്ദേഹത്തിന് *അഖ്ബാ*

*റുൽ യൗം* പത്രത്തിൽ എഴുതിയ മറുപടി വലിയ കോളിളക്കം സൃഷ്ടിച്ചു.

പത്തു വർഷത്തെ വിദ്യാർഥി ജീവിതം അവസാനിച്ച ശേഷം ഈജിപ്തിൽതന്നെ ജോലിചെയ്യാൻ അദ്ദേഹം ആഗ്രഹിച്ചുവെങ്കിലും മൗലാനാ മുഹമ്മദലി ഇന്ത്യയിൽ വന്ന് സേവനം ചെയ്യാൻ അദ്ദേഹത്തെ ഉപദേശിച്ചു. 1935-ൽ ഈജിപ്ത് വിട്ടു ഫലസ്ത്വീൻ, ഇറാഖ്, ഇറാൻ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചശേഷം ബസ്വറയിൽനിന്ന് കറാച്ചിയിലേക്ക് കപ്പൽ കയറി. ലാഹോറിലും തുടർന്ന് ബീഹാറിലും അറബിക്കോളേജുകളിൽ സേവനം ചെയ്തുവെങ്കിലും അവിടങ്ങളിലെ പഴമക്കാരായ പണ്ഡിതന്മാരുമായി ഒത്തുപോകാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. കൽക്കത്തയിലെത്തി മൗലാനാ ആസാദുമായി ബന്ധപ്പെട്ടു. പിന്നെ കച്ചവടരംഗത്തേക്കു കാലെടുത്തുവെച്ചുവെങ്കിലും കച്ചവരംഗത്തെ കൊള്ളരുതായ്മകൾ അദ്ദേഹത്തിൽ മനംമടുപ്പ് സൃഷ്ടിച്ചു. പഠിച്ച വിദ്യാലയമായ ജമാലിയാ കോളേജിലേക്കു വീണ്ടും എത്തിപ്പെട്ടു. മദ്രാസ് മുഹമ്മദൻ കോളേജിൽ പ്രഫസറായിരുന്ന കേരളീയ പണ്ഡിതനും അൽ അസ്ഹർ ബിരുദധാരിയുമായ അബ്ദുൽ ഖാദിർ മൗലവിയുമായി ബന്ധപ്പെട്ടു. അബ്ദുൽ വഹാബ് ബുഖാരി സാഹിബായിരുന്നു അന്ന് ജമാലിയാ കോളേജ് പ്രിൻസിപ്പൽ. മൗലാനാ അവിടെ അധ്യാപകനായി നിയമിക്കപ്പെട്ടു. തെറ്റുകൾ ആര് ചെയ്യുന്നത് കണ്ടാലും അതിനെ എതിർക്കുക അബുസ്സ്വബാഹിന്റെ സവിശേഷതയായിരുന്നു. കോളേജിലെ സീനിയർ അധ്യാപകന്റെ ഗൃഹപ്രവേശനത്തോടനുബന്ധിച്ച് മഞ്ഞൾ കൊണ്ട് ഒരു മനുഷ്യരൂപമുണ്ടാക്കി ഒരു ദീപത്തിന്റെ അകമ്പടിയോടെ പ്രദക്ഷിണം വെക്കുന്ന ചടങ്ങ് നടന്നു. ശിർക്കുപരമായ ഈ ആചാരത്തെ മൗലാനാ എതിർത്തു; ചടങ്ങളിൽ നിന്ന് ഇറങ്ങിപ്പോരുകയും ചെയ്തു. ഈ നടപടി മൂലം അപമാനിതനായ പ്രസ്തുത അധ്യാപകൻ മൗലാനക്കെതിരിൽ അപവാദങ്ങൾ പ്രചരിപ്പിച്ചു. കോളേജ് ഭരണാധികാരിയായിരുന്ന ജമാൽ മുഹമ്മദ് സാഹിബ് തുടരാൻ നിർബന്ധിച്ചുവെങ്കിലും മൗലാനാ കോളേജിൽനിന്നും രാജിവെച്ചു. പിന്നെ ബീഹാറിൽ ഒരു ബനിയൻ കമ്പനിയിൽ തൊഴിലാളിയായി ചേർന്നു. ഒരിക്കൽ കമ്പനി മാനേജർ മൗലവിയോട് കർക്കശമായി പെരുമാറിയത് അദ്ദേഹത്തിന് ഇഷ്ടമായില്ല. 'താങ്കളുടെ പ്രവൃത്തി ഇസ്‌ലാമിനു നിരക്കുന്നതല്ല' എന്നു മുഖത്തു നോക്കി പറഞ്ഞുകൊണ്ട് അദ്ദേഹം സ്ഥലംവിട്ടു.

സമൂഹത്തിൽനിന്നുമുണ്ടായ തിക്താനുഭവങ്ങളും ചുറ്റുപാടിലും നടക്കുന്ന കൊള്ളരുതായ്മകളും അദ്ദേഹത്തിന്റെ ചിന്തയെ മറ്റൊരു വഴിയിലേക്ക് തിരിച്ചുവിട്ടു. സന്യാസ ജീവിതം നയിച്ചാലെന്ത്? അവസാനം അതൊരു തീരുമാനായി മാറി. തിബത്തിലും മറ്റുമുള്ള സന്യാസിമാരെപ്പറ്റി അദ്ദേഹം നേരത്തേ അറബിഗ്രന്ഥങ്ങളിൽ വായിച്ചിട്ടുണ്ടായിരുന്നു. ബീഹാറിൽ സന്യാസിമാരുടെ കൂട്ടത്തിൽ ഒരുവനായി അദ്ദേഹം ജീവിച്ചു. അവരിൽനിന്ന് മൈസൂരിലെ ഒരു പുണ്യമലയെപ്പറ്റി കേട്ടറിഞ്ഞു. അത് സന്ദർശിക്കാൻ ഉൽക്കടമായ ആഗ്രഹമുണ്ടായി. മൈസൂരിലെത്തി മലവാസികളുടെ സഹായത്തോടെ കുന്നും മലയും താണ്ടി വളരെ സാഹസപ്പെട്ട് പുണ്യമലയിൽ എത്തി. ധാരാളം ഗുഹകളുള്ള വിശാലമായ ഒരു മല. ഒന്നിൽ അദ്ദേഹം താമസമാക്കി. അടിവാരത്ത് നല്ലൊരു ചോലയുണ്ട്. വുദൂവെടുക്കാനും കുടിക്കാനും അത് ഉപയോഗപ്പെടുത്തി. രാത്രി വന്യമൃഗങ്ങൾ എപ്പോഴും ഗുഹാമുഖത്ത് എത്തിനോക്കാറുണ്ട്. ഒരിക്കൽ അദ്ദേഹത്തിന് ശക്തിയായ പനി പിടിപ്പെട്ടു. ചോലയിൽ ഇറങ്ങി വെള്ളമെടുക്കാൻ പോലും കഴിയാതെയായി. പിന്നീട് എന്തു സംഭവിച്ചുവെന്നു അദ്ദേഹത്തിനറിഞ്ഞുകൂടാ. ബോധം തിരിച്ചു കിട്ടുമ്പോൾ മുഹമ്മദ് സുൽത്താൻ എന്നൊരാളുടെ വീട്ടിലാണ്. മലവാസികൾക്ക് സാധനങ്ങൾ വിൽക്കുന്ന ഒരാളായിരുന്നു അദ്ദേഹം. ഗുഹാന്തർഭാഗത്ത് പ്രജ്ഞയറ്റു കിടക്കുന്ന ഒരു മനുഷ്യനെ കണ്ടപ്പോൾ അവർ താങ്ങിയെടുത്ത് അദ്ദേഹത്തിന്റെ വീട്ടിൽ എത്തിച്ചതാണ്.

രോഗം സുഖമായി. ആളുകൾ എന്തൊക്കെയോ ധരിച്ചു പുണ്യം വാങ്ങാൻ അദ്ദേഹത്തെ സമീപിക്കുകയായി. ഇതിൽനിന്ന് രക്ഷപ്പെടാൻ വിജനമായ ഒരു സ്ഥലത്തേക്ക് നീങ്ങാൻ മൗലവി ആഗ്രഹിച്ചു. ഗുണ്ടൽപേട്ടയിലെ ഇടിഞ്ഞുപൊളിഞ്ഞ ഒരു നമസ്കാരപ്പള്ളിയിലേക്ക് അദ്ദേഹം താമസം മാറ്റി. അവിടെയും ജനങ്ങൾ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. ഇടക്കിടെ മുഹമ്മദ് സുൽത്താൻ പിന്നെയും അദ്ദേഹത്തെ സന്ദർശിച്ചുകൊണ്ടിരുന്നു. ഒരിക്കൽ സുൽത്താൻ, കുഞ്ഞാലിക്കുട്ടി എന്നൊരാൾ മൗലാനയെ സന്ദർശിക്കാൻ അനുമതി ചോദിക്കുന്നുണ്ടെന്നറിയിച്ചു. മൗലാനായും കുഞ്ഞാലിക്കുട്ടി ഹാജിയും വളരെ അടുത്തു. ഹാജിയുടെ വസതി സന്ദർശിക്കാൻ മൗലാനയെ നിർബന്ധിച്ചുകൊണ്ടിരുന്നു. അങ്ങനെ പന്തലൂർ എന്ന സ്ഥലത്തുള്ള ഹാജിയുടെ വീട്ടിൽ മൗലാന സന്ദർശകനായി എത്തി. തനിക്ക് വിജനമായ ഒരു സ്ഥലത്ത് താമസിക്കണമെന്ന ആവശ്യം പിന്നെയും മൗലാന ഉന്നയിച്ചുകൊണ്ടിരുന്നു. അങ്ങനെ മഞ്ചേരിക്കടുത്ത ആനക്കയം എന്ന സ്ഥലത്തെ ആൾപാർപ്പില്ലാത്തതും താമസിക്കാൻ കൊള്ളാത്തതെന്ന് ജനങ്ങൾ വിധി എഴുതിയതുമായ ഒരു വീട്ടിൽ മൗലാനാ താമസമാക്കി. ഇത് 1941-ൽ ആയിരുന്നു.

ആനക്കയത്ത് ഒരു അജ്ഞാത വ്യക്തി താമസിക്കുന്നുണ്ടെന്ന വാർത്ത കാട്ടുതീ പോലെ പരന്നു. ആളുകൾ പലതരം അഭിപ്രായ പ്രകടനങ്ങളും നടത്തി. ലോകമഹാ

യുദ്ധം നടക്കുന്ന കാലമായിരുന്നു. ജർമൻ ചാരനാണെന്നു ഒരു വിഭാഗം. കൃത്രിമ പൊന്നുണ്ടാക്കുന്ന പുള്ളിയാണെന്ന് മറ്റൊരു കൂട്ടർ. മൂന്നാമതൊരു വിഭാഗം എന്തോ അത്ഭുത സിദ്ധികളുള്ള ഒരു വ്യക്തിയായി അദ്ദേഹത്തെ കണ്ടു. നിരീശ്വരവാദിയാണെന്ന് വിധിയെഴുതിയ മതപണ്ഡിതന്മാരുമുണ്ടായിരുന്നു. പോലീസ് അന്വേഷണങ്ങൾ തകൃതിയായി നടന്നു. അവസാനം ഇദ്ദേഹം ഒരു മഹാപണ്ഡിതനാണെന്ന് ഉദ്യോഗസ്ഥന്മാർക്ക് ബോധ്യം വന്നു.

ഒരു വർഷത്തെ താമസത്തിനിടക്ക് മൗലാനാ പല വ്യക്തികളുമായും ബന്ധപ്പെട്ടു. കേരള മുസ്‌ലിംകളുടെ അടിയന്തരാവശ്യം ഉന്നത വിദ്യാഭ്യാസമാണെന്ന് അദ്ദേഹം കണ്ടു. അറബിയിലും ഇസ്‌ലാമിക വിഷയങ്ങളിലും കുറേയേറെ പഠിച്ചവർക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്ന ഒരു കോഴ്സ് ഏർപ്പെടുത്താൻ അദ്ദേഹം തീരുമാനിച്ചു. അങ്ങനെ ആറു വിദ്യാർഥികളെയും കൊണ്ട് 1942 ജനുവരി 5-ാം തീയതി ആനക്കയത്ത് റൗദത്തുൽ ഉലൂം അറബിക്കോളേജ് ആരംഭിച്ചു. 1944-ൽ കോളേജ് മഞ്ചേരിയിലേക്ക് മാറ്റി. 1946-ൽ മൗലവി സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ വെച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ റൗദത്തുൽ ഉലൂം അസോസിയേഷൻ എന്ന ഒരു സംഘടന രൂപീകരിച്ചു. മൗലാനാ അബുസ്സ്വബാഹ് പ്രസിഡന്റായുള്ള പ്രസ്തുത അസോസിയേഷനിൽ അഡ്വ. എം.വി ഹൈദ്രൂസ് സാഹിബ്, കുഞ്ഞോയി വൈദ്യർ, പി.കെ മൂസാ മൗലവി, കെ.എം മൗലവി, കെ.എം സീതി സാഹിബ്, ഹാജി അബ്ദുസ്സത്താർ സാഹിബ്, ഹാജി ഇസ്ഹാഖ് സേട്ട്, രാജാ അബ്ദുൽ ഖാദിർ ഹാജി, പുനത്തിൽ അബൂബക്കർ സാഹിബ് തുടങ്ങിയവർ ഉണ്ടായിരുന്നു.

അറബിക്കോളേജിന്റെ വികസനത്തിന് കൂടുതൽ വിശാലവും സൗകര്യപ്രദവുമായ സ്ഥലത്തേക്ക് അത് മാറ്റാൻ മൗലാനാ ആഗ്രഹിച്ചു. അതിനുള്ള ശ്രമത്തിൽ ഫറോക്കിലെ പുളിയാളി അബ്ദുല്ലക്കുട്ടി ഹാജിയുടെ കൈവശമുണ്ടായിരുന്ന കുന്നും കാടും നിറഞ്ഞ ഇരുപത് ഏക്കർ സ്ഥലം അദ്ദേഹം കണ്ടെത്തി. വിലയ്ക്കു വാങ്ങാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും ഹാജി 'മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് തന്റെ പരലോക ഗുണത്തിനുമായി' അത് വഖ്ഫ് ചെയ്തു. ഉദാരമനസ്കനായ രാജാ അബ്ദുൽ ഖാദിർ ഹാജി അറബിക്കോളേജിനു സംഭവനയായി നൽകിയ 10,000 ക (അന്നത്തെ പതിനായിരത്തിന്റെ വില ഇന്നത്തെ കണക്കിൽ എത്രയെന്നു ഊഹിക്കാമല്ലോ) കൊണ്ട് പണി ആരംഭിച്ചു.

മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് മതവിജ്ഞാനം മാത്രം പോരാ എന്ന ചിന്ത മൗലാനാ അബുസ്സ്വബാഹിനെ അലട്ടിക്കൊണ്ടിരുന്നു. മുസ്‌ലിംകൾക്ക് സ്വന്തമായി ഒരു 'ഇംഗ്ലീഷ് കോളേജ്' വേണമെന്ന ആശയം അദ്ദേഹം പലരുടെയും മുമ്പിൽ അവതരിപ്പിച്ചു. അങ്ങനെ 1947 മെയ് 17-ാം തീയതി ചേർന്ന റൗദത്തുൽ ഉലൂം അസോസിയേഷന്റെ യോഗത്തിൽ വെച്ച് മദ്രാസ് യൂനിവേഴ്സിറ്റിയിൽ ഒരു ഫസ്റ്റ് ഗ്രേഡ് കോളേജിന് അപേക്ഷ സമർപ്പിക്കാൻ തീരുമാനമെടുത്തു. അസോസിയേഷൻ പ്രസിഡന്റ് എന്ന നിലക്ക് മൗലാനാ അബുസ്സ്വബാഹ് തന്നെയാണ് അപേക്ഷ കൊടുത്തത്. അപേക്ഷാഫീസടക്കാൻ കാശില്ലാത്തതിനാൽ മദിരാശിയിലെ ഒരു മരക്കച്ചവടക്കാരനിൽനിന്ന് 600 ക. കടം വാങ്ങേണ്ടി വന്നു. കോളേജ് തുടങ്ങാൻ അനുമതി ലഭിച്ചു. റൗദത്തുൽ ഉലൂം ഫസ്റ്റ് ഗ്രേഡ് കോളേജ് എന്നായിരുന്നു ഫാറൂഖ് കോളേജിന്റെ ആദ്യത്തെ പേര്. ഫറോക്കിലെ മൂന്നിലകത്ത് വീട്ടിൽ കോളേജ് ആരംഭിച്ചു. എന്നാൽ കോളേജിന്റെ അഫിലിയേഷൻ കിട്ടാൻ സ്വന്തം കെട്ടിടം ആവശ്യമാണെന്ന് വന്നപ്പോൾ അറബിക്കോളേജിനുവേണ്ടി നിർമിച്ച കെട്ടിടം മൗലാനാ അബുസ്സ്വബാഹ് ഫാറൂഖ് കോളേജിനു വിട്ടുകൊടുത്തു. അറബിക്കോളേജ് ഒരു ഷെഡ്ഡിലേക്ക് മാറ്റി. 1948 ജൂൺ 12-നു മൗലാനാ അബുസ്സ്വബാഹിന്റെ അധ്യക്ഷതയിൽ ചേർന്ന അസോസിയേഷൻ യോഗം കോളേജിന്റെ പേര് ഫാറൂഖ് കോളേജ് എന്നാക്കി മാറ്റി. 1948 ജൂലൈയിൽ ഫാറൂഖ് കോളേജിന് മദിരാശി സർവകലാശാലയുടെ അംഗീകാരം ലഭിച്ചു.

1971 സെപ്റ്റംബർ 10-ാം തീയതി മൗലാനാ അബുസ്സ്വബാഹ് അന്ത്യയാത്ര പറയുന്നതുവരെയും ഫാറൂഖ് കോളേജ് ഭരണസമിതിയിൽ അദ്ദേഹം തുടർന്നു. ഈ ഭരണസമിതിയെ തെരഞ്ഞെടുക്കുന്ന റൗദത്തുൽ ഉലൂം അസോസിയേഷന്റെ പ്രസിഡന്റ് സ്ഥാനം അലങ്കരിച്ചു. ഫാറൂഖ് കോളേജിന്റെ പുരോഗതിയുടെ ഓരോ ചവിട്ടുപടിയിലും അബുസ്സ്വബാഹിന്റെ പാദമുദ്ര പതിക്കപ്പെട്ടു. വ്യതിയാനം കാണുന്ന മാത്രയിൽ 'അരുത്' എന്നു പറയാൻ ആജ്ഞാശക്തിയുള്ള പണ്ഡിതനായിരുന്നു അദ്ദേഹം. ഡിഗ്രി ക്ലാസുകളിലേക്ക് അഡ്മിഷൻ നൽകുമ്പോൾ വിദ്യാർഥികളിൽനിന്ന് ഒരു നിർബന്ധ സംഭാവന പിരിക്കാൻ ഒരിക്കൽ ഒരു ശ്രമമുണ്ടായി. 'ഞാൻ താമസിക്കുന്ന പറമ്പും വീടും വിറ്റു പണം തരാം; ഇത് ചെയ്യരുത്' മൗലാനാ ഗർജനം മുഴക്കിയപ്പോൾ പിന്നെ ഒരടിയും മുന്നോട്ടുപോകാൻ ആർക്കും ധൈര്യമുണ്ടായില്ല. ഇന്ന് ഫാറൂഖ് കോളേജ് വളർന്നുയർന്നു ഒരു വടവൃക്ഷമായി പന്തലിച്ചുനിൽക്കുകയാണ്. സ്ഥാപനം അതിന്റെ ഭൂതകാല നേട്ടങ്ങളെ വിലയിരുത്തുകയും ഭാവികാല പുരോഗതിക്കു രൂപം നൽകുകയും ചെയ്തുകൊണ്ട് സുവർണ ജൂബിലി ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ അതിന്റെ ആവിർഭാവത്തിന് കാരണഭൂതനായ മൗലാനാ

അബുസ്സ്വബാഹിനെക്കുറിച്ചുള്ള ചർച്ച പ്രാധാന്യമർഹിക്കുന്നു.

ഫാറൂഖിനെപ്പറ്റിയുള്ള ചിന്തയുടെ ഉത്ഭവത്തെപ്പറ്റി ഫാറൂഖ്കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പൽ ആയിരുന്ന പ്രഫ. സയ്യിദ് മുഹ്‌യിദ്ദീൻ ഷാ ഇങ്ങനെ അനുസ്മരിക്കുന്നു: ഒരു ദിവസം പ്രാർഥനക്കിടയിൽ മൗലവി സാഹിബ് എന്നോട് പറഞ്ഞു: 'ഫാറൂഖ്! ഫാറൂഖ്!' എന്നൊരു ശബ്ദം സ്വപ്നത്തിൽ. എന്താണ് 'ഫാറൂഖ്?' ഞാൻ പറഞ്ഞു: 'കോഴിക്കോടിനടുത്ത ഒരു സ്ഥലമാണ്'. 'ഫാറൂഖ് എന്ന സ്ഥലത്ത് വല്ല സ്ഥാപനവും നിർമിക്കാമോ എന്നാലോചിക്കണം'- മൗലവി പറഞ്ഞു.

ഫാറൂഖ് കേരളത്തിന്റെ തലസ്ഥാനമല്ലെങ്കിലും കേരള മുസ്‌ലിംകളുടെ അത്യുന്നത വിദ്യാഭ്യാസ കേന്ദ്രമാണ്. മൗലാനാ അബുസ്സ്വബാഹിന്റെ സ്വപ്നങ്ങൾ ഇനിയും പൂവണിയാൻ ബാക്കിയുണ്ട്. 1965-ൽ റൗദത്തുൽ ഉലൂം സോവനീറിൽ അദ്ദേഹം എഴുതി: "അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് റൗദത്തുൽ ഉലൂം അറബിക്കോളേജും ഫാറൂഖ് കോളേജും മറ്റു സ്ഥാപനങ്ങളും കൈവന്നിട്ടുണ്ട്. ഇനിയും നമുക്ക് സഹോദരികൾക്കു വേണ്ടി പ്രത്യേകം സ്ഥാപനങ്ങൾ, എഞ്ചിനീയറിംഗ് കോളേജ്, മെഡിക്കൽ കോളേജ്, എല്ലാത്തരം വിജ്ഞാനങ്ങളും ഉൾക്കൊള്ളുന്ന ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സ്ഥാപനം, അതിനു വിദൂര രാജ്യങ്ങളിലേക്ക് പ്രാപ്തരെ അയക്കാനുള്ള ഏർപ്പാടുകൾ, ഇസ്‌ലാമിക പ്രസിദ്ധീകരണത്തിനുള്ള ഏർപ്പാടുകൾ തുടങ്ങിയ പലതും വളരെ അത്യാവശ്യമാണ്. ഇവ നേടിക്കഴിഞ്ഞാൽ മാത്രമേ നാം അന്തസ്സുള്ള ഒരു ജീവൽസമുദായമായിത്തീരുകയുള്ളൂ'' ഇങ്ങനെ സ്വപ്നം കാണാൻ കഴിവുള്ള മതപണ്ഡിതന്മാർ എത്ര പേരുണ്ട്?! ഈ സ്വപ്നങ്ങൾ പൂവണിയിക്കാൻ കഴിഞ്ഞാൽ മുസ്‌ലിംസമുദായത്തിന്റെ പുരോഗതി എത്രമാത്രം തിളക്കമാർന്നതായിരിക്കും!

മൗലാനാ അബുസ്സ്വബാഹ് ചില ഉന്നത മൂല്യങ്ങളിലധിഷ്ഠിതമായ വിദ്യാഭ്യാസ പുരോഗതിക്കു വേണ്ടിയാണ് ശ്രമിച്ചത്. ഫാറൂഖ് കോളേജും കാമ്പസിലെ മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ മൂല്യങ്ങൾ മുറുകെപ്പിടിച്ചു മുന്നേറുന്നേടത്തോളം കാലം അവക്ക് ലക്ഷ്യപ്രാപ്തി സാധ്യമാക്കും. കോളേജ് കാമ്പസ് പുതിയ സ്ഥാപനങ്ങൾ ഉയർന്നുവന്നും, പുതിയ കോഴ്സുകൾ നടപ്പിലാക്കിയും അനുദിനം വളരുകയാണ്. തുർക്കിത്തൊപ്പിയും പൈജാമയും കൊച്ചു താടിയുമുള്ള അബുസ്സ്വബാഹ് എന്ന ആ പ്രഭാത സൂര്യന്റെ പൊൻവെളിച്ചത്തിലല്ലാതെ ഫാറൂഖ് കോളേജിന്റെ ചരിത്രത്തിന് സഞ്ചരിക്കാൻ കഴിയുകയില്ല.